# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.677 29.11.2018-ൽ മറുപടിക്ക്**

**തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിലെ അനാസ്ഥ**

| | ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ)<br><br><br><br><br>(ബി)<br><br><br><br><br><br><br><br><br>(സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവ് വിളക്കുകൾ കത്തിക്കുന്നതിൽ കൃത്യത കാണിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരുവ് വിളക്കുകൾ വാങ്ങി നൽകിയിട്ടും ആയത് യഥാസമയം ഫിറ്റ് ചെയ്യുന്നതിലും കേടായവ മാറ്റി സ്ഥാപിക്കുന്നതിലും വരുത്തുന്ന ഗുരുതരമായ അനാസ്ഥയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;<br><br>തെരുവ് വിളക്കുകൾ യഥാസമയം കത്തിക്കുന്നില്ല എന്ന പരാതിക്ക് എന്ത് പരിഹാര നിർദ്ദേശമാണ് മുന്നോട്ടു വയ്ക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ)<br>(ബി)<br>&<br>(സി) | 15.09.2011 ലെ സർക്കാർ ഉത്തരവ് പ്രകാരം കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തിരുവനന്തപുരം കോർപറേഷൻ തുടങ്ങിയ ചുരുക്കം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കി അറ്റകുറ്റപണികൾക്ക് ആവശ്യമുള്ള തുക ബോർഡിൽ നിക്ഷേപിച്ച് അറ്റകുറ്റപണികൾ ബോർഡിനെകൊണ്ട് ചെയ്യിപ്പിക്കുന്നുള്ളൂ. മേൽ സർക്കാർ ഉത്തരവ് പൂർണമായും പാലിച്ചു കൊണ്ട് റിപ്പയറിങ്ങും മെയ്ന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കി Annual Maintenance Contract മുഖേന ടെൻഡറിങ് സംവിധാനം വഴി മറ്റ് ഏജൻസികളെ ഏൽപ്പിച്ച് കൃത്യമായി നടപ്പിലാക്കിയാൽ കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിൽ അനാസ്ഥയുണ്ട് എന്ന പരാതിയ്ക്ക് പരിഹാരമാകും.<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യമായ തുക നിക്ഷേപിക്കുമ്പോൾ ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിച്ച് സ്വയമേവ കത്തുകയും അണയുകയും ചെയ്യുന്ന സംവിധാനം നടപ്പാക്കുന്നുണ്ട്. ഈ സംവിധാനം എല്ലായിടത്തും നടപ്പിലാക്കുകയാണെങ്കിൽ സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി കത്തിക്കാനും അണയ്ക്കുവാനും സാധിക്കുന്നതാണ് . |
| (ഡി) | തെരുവുവിളക്കുകൾ കത്തുന്നതിന്റെയും കേടായതിന്റെയും കൃത്യമായ കണക്ക് കെ.എസ്.ഇ.ബിയുടെ സെക്ഷൻ ഓഫീസിൽ നിലവിലുണ്ടോ; ഉദ്യോഗസ്ഥർ ഇക്കാര്യം മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും കേടായവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനു ശേഷം കത്തുന്നതും കേടായതുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ കെ .എസ്. ഇ. ബി യുടെ സെക്ഷൻ ഓഫീസുകളിൽ ശേഖരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ